File No.LSGD-DA1/113/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് 19- എസ്.എസ്.എൽ.സി./ ഹയർ സെക്കണ്ടറി പരീക്ഷകൾ- വിദ്യാർത്ഥികളുടെ ശരീരോഷ്മാവ് പരിശോധിക്കുന്നതിന് തെർമൽ സ്കാനർ വാങ്ങി നൽകാൻ ജില്ലാ പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.960/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/05/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം. 59/ 2020/ തസ്വഭവ, തീയതി 31.03.2020

2 സ.ഉ.(കൈ) നം. 62/ 2020/ തസ്വഭവ, തീയതി 11.04.2020

**ഉത്തരവ്**

കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനും അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കാനും പരാമർശം (1) പ്രകാരം നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം 2020-2021 വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവായിരുന്നു.

2. കോവിഡ് 19 -നെ തുടർന്ന് മുടങ്ങിയ എസ്.എസ്.എൽ.സി./ ഹയർ സെക്കണ്ടറി പരീക്ഷകൾ മെയ് 26-ന് പുനരാരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ പരീക്ഷയ്ക്കായി ഹാജരാകുന്ന വിദ്യാർത്ഥികളുടെ ശരീരോഷ്മാവ് തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഓരോ പരീക്ഷാ കേന്ദ്രത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഒന്നോ രണ്ടോ തെർമൽ സ്കാനർ ആവശ്യമായി വരും. കോവിഡ് ഭീഷണി നീണ്ടുനിൽക്കാൻ ഇടയുള്ളതിനാൽ തുടർന്നുള്ള കാലങ്ങളിലും സ്കൂൾ പ്രവർത്തിക്കുമ്പോൾ തെർമൽ സ്കാനർ ആവശ്യമായി വരും.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ജില്ലാ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപറേഷനുകളും തങ്ങളുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യമായ തെർമൽ സ്കാനർ വാങ്ങി നൽകുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. ഇതിനായി മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് തങ്ങളുടെ തനത് ഫണ്ട് / പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ.
2. നഗരകാര്യ ഡയറക്ടർ.
3. ഗ്രാമവികസന കമ്മീഷണർ.
4. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും.
6. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
7. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും മേയർമാർക്കും.
8. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
11. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ.
12. പൊതുവിദ്യാഭ്യാസ വകുപ്പ്.
13. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്.
തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്.